**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 545** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>ലഹരി ഉപയോഗവും വിതരണവും തടയാൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. സേനാപതി വേണു

ശ്രീ. അബിൻ വർക്കി കോടിയാട്ട്

ശ്രീ. സി. വി. ശാന്തകുമാർ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. ലിജു

(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** സാമൂഹികമാധ്യമങ്ങളും ഓൺലൈൻ പ്ലാറ്റ്ഫോമുകളും അടക്കമുള്ള ആധുനിക സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്ന ലഹരിമാഫിയയെ ചെറുക്കാൻ എക്സൈസ് വകുപ്പിനെ സമഗ്രമായി ആധുനീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

**<u>മറുപടി:</u>** സാമൂഹികമാധ്യമങ്ങളും ഓൺലൈൻ പ്ലാറ്റ്ഫോമുകളും ഉൾപ്പെടെയുള്ള ആധുനിക സാങ്കേതിക സംവിധാനങ്ങൾ ദുരുപയോഗം ചെയ്ത് പ്രവർത്തിക്കുന്ന ലഹരിമാഫിയയെ ഫലപ്രദമായി പ്രതിരോധിക്കുന്നതിനായി എക്സൈസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ സമഗ്രമായി ആധുനികവത്കരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി എക്സൈസ് വകുപ്പിൽ സൈബർ ഇന്റലിജൻസ് സംവിധാനങ്ങൾ ശക്തിപ്പെടുത്തുക, സാമൂഹിക മാധ്യമങ്ങളിലൂടെയും ഡാർക്ക് വെബ് ഉൾപ്പെടെയുള്ള ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെയും നടക്കുന്ന ലഹരി ഇടപാടുകൾ നിരീക്ഷിക്കുന്നതിനുള്ള സാങ്കേതികശേഷി വർധിപ്പിക്കുക, ഡിജിറ്റൽ തെളിവുകൾ ശേഖരിക്കുന്നതിനും വിശകലനം ചെയ്യുന്നതിനും പ്രത്യേക പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരെ സജ്ജമാക്കുക, മറ്റ് നിയമപാലന ഏജൻസികളുമായും കേന്ദ്ര ഏജൻസികളുമായും വിവരങ്ങൾ കൈമാറുന്നതിനുള്ള ഏകോപന സംവിധാനം മെച്ചപ്പെടുത്തുക തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. മയക്ക്മരുന്ന് കള്ളക്കടത്ത് തടയുന്നതിന് എല്ലാ ചെക്ക്പോസ്റ്റ്കളിലും AI സാങ്കേതിക വിദ്യയുള്ള CCTV ക്യാമറകളും, ആധുനിക സ്കാനറുകളും സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരികയാണ്.

**(ബി)** ലഹരി വിപണനത്തിന്റെ കണ്ണികളറുക്കാനും വിദ്യാർത്ഥികളെ ലഹരി ഉപയോഗത്തിൽ നിന്ന് രക്ഷിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലഹരി മാഫിയയുടെ വേരറുക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന വ്യാപകമായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടപ്പിലാക്കി വരികയാണ്. ഇതിന്റെ ഭാഗമായി 28.05.2026 മുതൽ "ഓപ്പറേഷൻ തണ്ടർ" എന്ന പേരിൽ തീവ്ര എൻ.ഡി.പി.എസ്. സ്പെഷ്യൽ ഡ്രൈവ് എക്സൈസ് വകുപ്പ് ആരംഭിച്ചിട്ടുണ്ട്. ഓപ്പറേഷൻ തണ്ടറിന്റെ ഭാഗമായി നടത്തിയ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഫലമായി 828 NDPS

കേസുകൾ കണ്ടെടുക്കുകയും 763 പ്രതികളിൽ 732 പേരെ അറസ്റ്റ് ചെയ്യുകയും 607025 രൂപ തൊണ്ടിയായി കണ്ടെടുക്കുകയും 29 വാഹനങ്ങൾ സർക്കാരിലേക്ക് കണ്ട് കെട്ടുകയും ചെയ്തിട്ടുണ്ട്. കൂടാതെ 7.94 ഗ്രാം ബ്രൗൺ ഷുഗർ, 14 കഞ്ചാവ് ബീഡി, 3 കഞ്ചാവ് സിഗററ്റ്, 133.790 കി ഗ്രാം കഞ്ചാവ്, 190 കഞ്ചാവ് ചെടികൾ, 27 ഗ്രാം ഹാഷിഷ്, 48.773 ഗ്രാം ഹാഷിഷ് ഓയിൽ, 164.76 ഗ്രാം ഹെറോയിൻ, 7 ഗ്രാം ഹൈബ്രിഡ് കഞ്ചാവ്, 461.135 ഗ്രാം MDMA, 60.766 ഗ്രാം മെത്താംഫിറ്റാമിൻ, 14.42 ഗ്രാം നൈട്രോസെഫാം, 315 ഗ്രാം THC Candy, 36 e-cigaratte എന്നിവ കണ്ടെടുത്തിട്ടുണ്ട്.

പോലീസ്, റവന്യൂ, ആരോഗ്യം, വിദ്യാഭ്യാസം, വനം, റെയിൽവേ, കോസ്റ്റൽ പോലീസ്, മോട്ടോർ വാഹന വകുപ്പ്, തൊഴിൽ വകുപ്പ്, ഭക്ഷ്യസുരക്ഷ വകുപ്പ് തുടങ്ങിയ വിവിധ വകുപ്പുകളുമായി ചേർന്ന് എക്സൈസ് വകുപ്പ് സംയുക്ത പരിശോധനകളും പ്രത്യേക പരിശോധനാ ഡ്രൈവുകളും നടത്തി നിയമലംഘനങ്ങൾ കണ്ടെത്തി കേസുകൾ രജിസ്റ്റർ ചെയ്തുവരുന്നു. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഭാഗമായി, എക്സൈസ് വകുപ്പ് മറ്റ് വകുപ്പുകളുമായി ചേർന്ന് 2021-ൽ 1237, 2022-ൽ 2790, 2023-ൽ 3529, 2024-ൽ 3951, 2025-ൽ 3972, 2026 ജൂൺ 16 വരെ 2409 സംയുക്ത പരിശോധനകൾ നടത്തിയിട്ടുണ്ട്.

ജില്ലാ തലങ്ങളിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ NCORD (Narco Coordination Centre) യോഗങ്ങൾ ചേർന്ന് ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും ആവശ്യമായ എൻഫോഴ്സ്മെന്റ് നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ജില്ലാ തലങ്ങളിൽ സ്ട്രൈക്കിംഗ് ഫോഴ്സ്, ഹൈവേ പട്രോൾ ടീമുകൾ എന്നിവ രൂപീകരിച്ച് 24 മണിക്കൂറും വാഹന പരിശോധനകൾ നടത്തി ലഹരിവസ്തുക്കളുടെ കടത്തും വിതരണവും തടഞ്ഞുവരുന്നു. സംസ്ഥാനതലത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പരാതി പരിഹാര സെല്ലും ജില്ലാ തലങ്ങളിൽ കൺട്രോൾ റൂമുകളും പ്രവർത്തിപ്പിച്ച് പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കുന്നു. 14 ജില്ലകളിലും മുഴുവൻ സമയവും പ്രവർത്തിക്കുന്ന എക്സൈസ് എൻഫോഴ്സ്മെന്റ് ആൻഡ് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നു. അന്യസംസ്ഥാനങ്ങളിൽ നിന്നും ലഹരി വസ്തുക്കൾ കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിനായി അതിർത്തി ചെക്ക് പോസ്റ്റുകളിൽ ശക്തമായ വാഹന പരിശോധനകളും നിരീക്ഷണവും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം, പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകളിലെ ചെക്ക് പോസ്റ്റുകൾ ഇല്ലാത്ത അതിർത്തി പ്രദേശങ്ങളിൽ കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് (KEMU) നിരന്തര പരിശോധനകൾ നടത്തി വരുന്നു.

വാട്സ്ആപ്പ്, ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം തുടങ്ങിയ സാമൂഹ്യമാധ്യമങ്ങളും ഡാർക്ക് വെബ് ഉൾപ്പെടെയുള്ള ഓൺലൈൻ പ്ലാറ്റ്ഫോമുകളും വഴി നടക്കുന്ന ലഹരി ഇടപാടുകൾ കണ്ടെത്തുന്നതിനായി എക്സൈസ് സൈബർ സെൽ ശക്തമായി പ്രവർത്തിച്ചുവരുന്നു. കൊറിയർ സർവീസുകൾ വഴിയുള്ള ലഹരിക്കടത്ത് തടയുന്നതിനായി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ പ്രത്യേക നിരീക്ഷണവും പരിശോധനയും നടത്തുന്നു. ലഹരി ഉപയോഗിച്ചതായി സംശയിക്കുന്നവരെ ആവശ്യമായ സാഹചര്യങ്ങളിൽ 'അബോൺ കിറ്റ്' ഉപയോഗിച്ച് പരിശോധിക്കുകയും ലഹരി ഉപയോഗം സ്ഥിരീകരിക്കപ്പെട്ടാൽ നിയമാനുസൃത നടപടി സ്വീകരിക്കുകയും ചെയ്ത് വരുന്നു. ലഹരി കേസുകളിൽ ഉൾപ്പെട്ട് പിടിയിലാകുന്നവരുടെ ഫോൺ നമ്പറുകളും മറ്റ് ഡിജിറ്റൽ വിവരങ്ങളും എക്സൈസ് സൈബർ സെല്ലിന്റെ സഹായത്തോടെ വിശകലനം ചെയ്ത് ലഹരി വിതരണ ശൃംഖല കണ്ടെത്തുകയും തുടർച്ചയായി നിരീക്ഷിക്കുകയും ചെയ്യുന്നു.

സ്കൂൾ, കോളേജ് പരിസരങ്ങളിലും സമീപസ്ഥാപനങ്ങളിലും പുകയില ഉൽപ്പന്നങ്ങൾ, മയക്കുമരുന്ന് മറ്റ് ലഹരിവസ്തുക്കൾ എന്നിവയുടെ ലഭ്യത കണ്ടെത്തുന്നതിനായി സംയുക്ത പരിശോധനകൾ നടത്തി വരുന്നു. സ്കൂൾ പരിസരങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി അനധികൃത പ്രവേശന മാർഗങ്ങൾ,

ഉപയോഗശൂന്യമായ കെട്ടിടങ്ങൾ, ബാത്ത് റൂമുകൾ, കുറ്റിക്കാടുകൾ തുടങ്ങിയ വിദ്യാർത്ഥികളുടെ സുരക്ഷയെ ബാധിക്കാവുന്ന സ്ഥലങ്ങൾ പരിശോധിച്ച് ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കാൻ സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രധാനാധ്യാപകരുമായി നേരിട്ട് ബന്ധം സ്ഥാപിച്ച് വിദ്യാർത്ഥികളിൽ പുകയില, മദ്യം, മയക്കുമരുന്ന് ഉപയോഗം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകുന്ന പക്ഷം ഉടൻ അറിയിക്കുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. അത്തരം സാഹചര്യങ്ങളിൽ രക്ഷിതാക്കളെ ഉൾപ്പെടുത്തി കൗൺസലിംഗ് ഉൾപ്പെടെയുള്ള ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

സ്കൂൾ പരിസരത്തെ കടകളിൽ തുടർച്ചയായി പരിശോധന നടത്തി പുകയില ഉൽപ്പന്നങ്ങളോ ലഹരിവസ്തുക്കളോ വിൽക്കുന്നില്ലെന്ന് ഉറപ്പുവരുത്തുകയും നിയമലംഘനം കണ്ടെത്തിയാൽ ക്രിമിനൽ നടപടികൾക്കൊപ്പം സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിനായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്ക് ശുപാർശ നൽകുകയും ചെയ്യുന്നു. സ്കൂൾ സമയത്ത് യൂണിഫോമിൽ അലഞ്ഞുതിരിയുന്ന വിദ്യാർത്ഥികളെ കണ്ടെത്തി ബന്ധപ്പെട്ട സ്കൂൾ അധികൃതരെയും രക്ഷിതാക്കളെയും അറിയിക്കുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സ്കൂളുകളിലേക്ക് ലഹരി വസ്തുക്കൾ എത്തിച്ചേരുന്ന മാർഗങ്ങൾ പ്രാദേശിക ജനങ്ങളുടെ സഹകരണത്തോടെയും രഹസ്യവിവര ശൃംഖലയിലൂടെയും കണ്ടെത്തി, അത്തരം പ്രവർത്തനങ്ങൾ നിയമപരമായി തടയുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഓരോ റേഞ്ച് പരിധിയിലെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് റേഞ്ച് ഇൻസ്പെക്ടർമാർ എല്ലാ സ്കൂളുകളും സന്ദർശിക്കുകയും, പ്രധാനാധ്യാപകർ, പ്രിൻസിപ്പൽമാർ, പി.ടി.എ. ഭാരവാഹികൾ എന്നിവരുമായി ബന്ധം സ്ഥാപിക്കുകയും, ഓരോ സ്കൂളിലും എക്സൈസ് വകുപ്പുമായി ഏകോപനം നടത്തുന്നതിനായി ഒരു കോ-ഓർഡിനേറ്ററെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ പുരോഗതി ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരും ജോയിന്റ് എക്സൈസ് കമ്മീഷണർമാരും ആഴ്ചതോറും വിലയിരുത്തി വരുന്നു. സ്കൂൾ പ്രവർത്തന ദിവസങ്ങളിൽ ക്ലാസുകൾ ആരംഭിക്കുന്നതിന് മുമ്പും അവസാനിച്ചതിന് ശേഷവും ആവശ്യമായ സമയങ്ങളിൽ സ്കൂൾ പരിസരങ്ങളിൽ പട്രോളിംഗും നടത്തി വരുന്നു.

**(സി)** പ്രായപൂർത്തിയാകാത്ത കുട്ടികളെ ലഹരി വിപണനത്തിന് ഉപയോഗിക്കുന്നത് ചെറുക്കാൻ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

**<u>മറുപടി:</u>** കുട്ടികളെ ലഹരികടത്തിന് ഉപയോഗിക്കുന്നത് തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനവും ബോധവൽക്കരണപരിപാടികളും സംഘടിപ്പിച്ചു വരുന്നു. ലഹരിമുക്ത കേരളം എന്ന ലക്ഷ്യത്തോടെ സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബുകൾ രൂപീകരിച്ച് വിദ്യാർത്ഥികളിൽ ലഹരിവിരുദ്ധത വളർത്തുകയും, വിവിധ സർക്കാർ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, കുടുംബശ്രീ തുടങ്ങിയവയുടെ സഹകരണത്തോടെ സംസ്ഥാന വ്യാപക പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

നിലവിൽ ഓരോ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചും കുട്ടികൾ ഇടപെടുന്ന മറ്റ സ്ഥലങ്ങൾ നിരീക്ഷിച്ചും നിരന്തരം പരിശോധനകൾ നടത്തിവരുന്നുണ്ട്. വിദ്യാലയങ്ങളിലെ വിമുക്തി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി എല്ലാ സ്കൂളുകളിലും കോളേജുകളിലും എക്സൈസ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്കൂൾ പരിസരങ്ങളിൽ നിരന്തര നിരീക്ഷണം ഏർപ്പെടുത്തുവാനും സ്കൂളുകളിൽ പ്രാദേശിക തലങ്ങളിലുള്ള ജാഗ്രതാ സമിതികളുടെ നിരീക്ഷണം ശക്തിപ്പെടുത്തുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓരോ ദിവസവും സ്കൂൾ തുറക്കുന്നതിന് മുൻപും സ്കൂൾ അടക്കുന്നതിന് ശേഷവും സ്കൂൾ പരിസരങ്ങളിൽ പ്രത്യേക പരിശോധനകൾ നടത്തി വരുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ

പരിസരങ്ങളിലെ കടകളിലും കുട്ടികൾ കൂട്ടം കൂടാൻ സാധ്യതയുള്ള സ്ഥലങ്ങളിലും പരിശോധനകൾ നടത്തുന്നുണ്ട്.

ലഹരിക്കെതിരെ കുട്ടികളിൽ കായിക ലഹരി വളർത്തിയെടുക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് "ഉണർവ്" പദ്ധതിയും "വിമുക്തി സ്പോർട്സ് ടീം" പദ്ധതിയും നടപ്പിലാക്കിവരുന്നു. ചെറുപ്രായം മുതൽ നല്ല ശീലങ്ങളും മൂല്യബോധവും വളർത്തിയെടുക്കുന്നതിനായി "ബാല്യം അമൂല്യം" പദ്ധതി നടപ്പിലാക്കുന്നുണ്ട്. കുട്ടികളിൽ ലഹരി ഉപയോഗ ത്തിന്റെ പ്രാരംഭ ലക്ഷണങ്ങൾ അധ്യാപകരുടെ സഹായത്തോടെ തിരിച്ചറിഞ്ഞ് സമയബന്ധിതമായി ഇടപെടുന്നതിനായി "നേർവഴി" പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ, ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഫലപ്രദമായി സംഘടിപ്പിക്കുന്നതിനാവശ്യമായ അധ്യാപക പരിശീലന പരിപാടികളും പരിശീലന മോഡ്യൂളുകളുടെ രൂപീകരണവും വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കി വരുന്നു.

**സെക്ഷൻ ഓഫീസർ**